**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **24-02-2022 - ൽ മറുപടിയ്ക്ക്**

**തഴക്കര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ഉണ്ട്. തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു . തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും, മാവേലിക്കര മുനിസിപ്പാലിറ്റിയ്ക്കുമായി അച്ചൻകോവിൽ നദിയിൽ കിണറും മാവേലിക്കര സബ് ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ 35 MLD ശുദ്ധീകരണശാലയും, ഉന്നതതല ജലസംഭരണികളും, വിതരണ ശൃംഖലയ്ക്കുമായി Topographical Survey നടത്തി 200 കോടി രൂപയുടെ സമഗ്ര പദ്ധതിക്കായി ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ പ്രവർത്തികൾക്ക് മാത്രമായി ജലജീവൻ മിഷൻ പദ്ധതിയിൽ യഥാക്രമം 78.41 കോടി രൂപക്കും 81.49 കോടി രൂപക്കും 5th SLSSC-യിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ടി സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 67.50 കോടി രൂപക്കുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളത് അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | വർക്ക് അപ്പെൻഡിക്സ് ക്രമ നമ്പർ | അടങ്കൽ തുക (ലക്ഷത്തിൽ) | സാമ്പത്തിക വർഷം അനുവദിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|
| 2018 -19 | 96 | 3000 | 100 |
| 2019 -20 | 798 | 1000 | 2,00,00,000 |
| 2020 -21 | 439 | 6500 | 100 |